**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4479** **18-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പദ്ധതി പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ആഗോള മാരിടൈം മേഖലയിൽ വിഴിഞ്ഞം തുറമുഖത്തിനുള്ള പ്രാധാന്യം കണക്കിലെടുത്ത് നേരത്തെ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി ശേഷിക്കുന്ന പ്രവർത്തനങ്ങൾ ഒറ്റ ഘട്ടമായി പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ആർബിട്രേഷൻ നടപടികൾ ഒത്തുതീർപ്പായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസെഷൻ കരാർ പ്രകാരം, തുറമുഖത്തിന്റെ തുടർ ഘട്ടങ്ങൾ (2,3,4 ഘട്ടങ്ങൾ) ഒറ്റ ഘട്ടമായി പൂർത്തീകരിക്കുവാൻ ധാരണയായിട്ടുണ്ട്. തുടർ ഘട്ടങ്ങൾ എല്ലാം കൂടി 2028 ഡിസംബർ 31 ന് മുൻപേ പൂർത്തീകരിക്കാനാണ് ധാരണയായിട്ടുള്ളത്.<br><br>തുടർ ഘട്ടങ്ങൾ പൂർത്തിയാകുന്നതോടു കൂടി തുറമുഖത്തിന്റെ സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം TEU കണ്ടെയ്നറുകളായി ഉയരുന്നതാണ്. |
| (ബി) | തുടർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം അനുമതികളാണ് ഇനിയും ലഭ്യമാകാനുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | തുടർഘട്ടങ്ങളുടെ നിർമാണം ആരംഭിക്കുന്നതിനായുള്ള കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതികാ നുമതി 10-03-2025 ന് ലഭിച്ചിട്ടുണ്ട്. |
| (സി) | അനുമതികൾ നേടി പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്നും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പാക്കുന്നതെന്നും വിശദമാക്കുമോ? | (സി) | തുടർഘട്ടങ്ങളുടെ ഭാഗമായി 1200 മീറ്റർ നീളത്തിൽ കണ്ടെയ്നർ ബെർത്ത്, 920 മീറ്റർ നീളത്തിൽ പുലിമുട്ട്, 77 ഹെക്ടർ റിക്ലമേഷൻ, 7.20 മില്യൺ ഘന. മീറ്റർ ഡ്രഡ്ജിംഗ് പണികൾ തുടങ്ങിയ നിർമാണ പ്രവർത്തങ്ങളാണ് പ്രധാനമായും ഏറ്റെടുക്കേണ്ടത്. നിർമാണ പ്രവർത്തങ്ങൾ ആരംഭിക്കുന്നതിനായുള്ള പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. തുടർ ഘട്ടത്തിലെ പുലിമുട്ട് നിർമാണത്തിനുള്ള കരിങ്കല്ല് ശേഖരണം ജനുവരി 2025 മുതൽ തന്നെ ആരംഭിച്ചിട്ടുണ്ട്. പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ